**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 692** **24/01/2018-ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് രൂപീകരിക്കുന്നതിനായി ആർ. ബി. ഐ.യ്ക്കും നബാർഡിനും നൽകിയ അപേക്ഷ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.മമ്മൂട്ടി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനായി ആർ. ബി. ഐ.യ്ക്കും നബാർഡിനും അപേക്ഷ നൽകിയിരുന്നുവോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരത്തിനായി ആർ.ബി.ഐ.യ്ക്കും നബാർഡിനും അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | ആർ. ബി. ഐ.യും നബാർഡും ഇക്കാര്യത്തിൽ വിശദീകരണം തേടിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | വിശദീകരണം തേടിയിട്ടില്ല. |
| (സി) | കേരള ബാങ്ക് രൂപീകരണത്തിനെതിരെ ഹൈക്കോടതിയിൽ കേസ്സ് നിലവിലുണ്ടോ എന്നു വ്യക്തമാക്കുമോ; | (സി) | കേരള സഹകരണ ബാങ്ക് രൂപീകരണത്തിനായി സർക്കാർ റിസർവ്വ് ബാങ്കിന് നൽകിയ അപേക്ഷക്ക് അനുമതി നൽകരുതെന്ന ആവശ്യമുൾപ്പെടെ ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | കേരള ബാങ്ക് നിലവിൽ വരുമ്പോൾ ജില്ലാ സഹകരണ ബാങ്കുകളുടെ എത്ര ശാഖകൾ പൂട്ടേണ്ടി വരുമെന്നും എത്ര ജീവനക്കാർ അധികമാകുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (ഡി) | നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ സമ്പൂർണ്ണമായ ഘടന സംബന്ധിച്ച് ഈ ഘട്ടത്തിൽ രൂപരേഖയായിട്ടില്ല |

സെക്ഷൻ ഓഫീസർ